**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3654** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയിലെ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാലയിലെ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ, ജൂനിയർ എഞ്ചിനീയർ (ഇൻസ്ട്രുമെന്റേഷൻ) എന്നീ തസ്തികകളിൽ നിയമനം ലഭിക്കുന്നതിന് ആവശ്യമായ യോഗ്യതകൾ വിശദമാക്കാമോ; | (എ) | കാലിക്കറ്റ് സർവകലാശാലയിലെ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ, ജൂനിയർ എഞ്ചിനീയർ (ഇൻസ്ട്രുമെന്റേഷൻ) എന്നീ തസ്തികകളുടെ, കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് ഓർഡിനൻസ് പ്രകാരമുള്ള യോഗ്യതകൾ ചുവടെ നൽകുന്നു :<br><br>ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ :<br><br>Bachelors degree in Engineering.<br><br>OR<br><br>Diploma in Instrumentation Technology / Electronics awarded by M.I.T (Madras) or equivalent qualifications (3 year study after graduation)<br><br>Experience: 5 years experience in the service and maintenance of Electronic and Electrical Scientific equipment.<br><br>ജൂനിയർ എഞ്ചിനീയർ (ഇൻസ്ട്രുമെന്റേഷൻ) :<br><br>Second Class Degrees in Engineering. (Electrical/Electronics/Instrumentation/Communication)<br><br>OR<br><br>M.Sc (Physics with Electronics as one of the subjects) with 2 years experience in the operation of sophisticated instruments/repair and maintenance of modern equipment.<br><br>OR<br><br>Diploma in Engineering (Electrical/Electronics/Instrumentation/Communication) or B.Sc Physics with Electronics as one of the subjects with 8 years experience in the operation of sophisticated |

| | | | |
|---|---|---|---|
| | | | instruments/repair and maintenance of modern equipment.<br><br>Desirable: A flair for R&D activity in instrumentation. |
| (ബി) | നിലവിൽ പ്രസ്തുത തസ്തികകളിൽ ചുമതല വഹിക്കുന്ന ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത, സാങ്കേതിക യോഗ്യത, മറ്റ് വിശദാംശം എന്നിവ ലഭ്യമാക്കാമോ; | (ബി) | ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ:<br><br>നിലവിൽ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ തസ്തികയുടെ മുഴുവൻ സമയ അധിക ചുമതല വഹിക്കുന്ന യൂണിവേഴ്സിറ്റി എൻജിനീയറിങ് വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. ശിവദാസൻ കെ. യ്ക്ക് സിവിൽ എഞ്ചിനീയറിങ് ബി.ടെക് ബിരുദം, സിവിൽ എഞ്ചിനീയറിങ് ഡിപ്ലോമ, ട്രെഡീഷണൽ ആർക്കിടെക്ചർ ഡിപ്ലോമ (one year correspondence, conducted by Dept.of Culture, Vasthu Vidya Gurukulam, Kerala Govt. Institution, Aranmulla) എന്നീ വിദ്യാഭ്യാസ യോഗ്യതകളാണുള്ളത്.<br><br>ജൂനിയർ എഞ്ചിനീയർ (ഇൻസ്ട്രുമെന്റേഷൻ) :<br><br>ബെൽഗാമിലെ വിശ്വേശരയ്യ ടെക്നോളജിക്കൽ സർവകലാശാലയിൽ നിന്ന് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനിയറിങ്ങിലുള്ള ബി.ഇ. ബിരുദവും കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ഫിനാൻസ് മാനേജ്മെന്റ് & മാർക്കറ്റിങ് മാനേജ്മെന്റിലുള്ള എം.ബി.എ. ബിരുദവുമാണ് ജൂനിയർ എഞ്ചിനീയർ (ഇൻസ്ട്രുമെന്റേഷൻ) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. മുഹമ്മദ് സാജിദ് ടി. യുടെ വിദ്യാഭ്യാസ യോഗ്യത. |
| (സി) | പ്രസ്തുത സർവകലാശാലയിൽ ഇൻസ്ട്രുമെന്റേഷൻ എൻജിനീയറായി ജോലിചെയ്തിരുന്ന വ്യക്തിയെ സസ്പെൻഡ് ചെയ്യുകയും തുടർനടപടികളുടെ ഭാഗമായി 2022-ൽ ജൂനിയർ എഞ്ചിനീയറായി തരംതാഴ്ത്തുകയും ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ; | (സി) | ധനകാര്യ പരിശോധന (എൻ.റ്റി.ജെ.) വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം സർവകലാശാലാ LAN നെറ്റ് വർക്ക് സംവിധാനം നടപ്പാക്കുന്നതിൽ ഗുരുതര ക്രമക്കേട് സംഭവിച്ചുവെന്ന ആരോപണം ശരിവെക്കുകയും ആ സമയത്ത് യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ ആയിരുന്ന ശ്രീ മുഹമ്മദ് സാജിദിന്റെ ഭാഗത്തു നിന്നും ഗുരുതര വീഴ്ചയുണ്ടായതായി കണ്ടെത്തുകയും സർവകലാശാല ഫണ്ട് ദുരുപയോഗം ചെയ്യുവാൻ ഇടയാക്കിയ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ ശ്രീ മുഹമ്മദ് സാജിദിനെതിരെ കടുത്ത അച്ചടക്ക നടപടി സ്വീകരിച്ച് അടിയന്തരമായി ധനകാര്യ പരിശോധന വകുപ്പിൽ അറിയിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 09.09.2020 ന ചേർന്ന സിണ്ടിക്കേറ്റ് യോഗം ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ ആയ ശ്രീ. മുഹമ്മദ് സാജിദിനെ സർവകലാശാല സർവീസിൽ നിന്നും ഉടൻ പ്രാബല്യത്തോടെ സസ്പെൻഡ് ചെയ്യാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 11.09.2020 തിയ്യതിയിലെ 8099/2020/ അഡ്മിൻ നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി 13.09.2022 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 17381/2022/Admin പ്രകാരം ജൂനിയർ |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറായി തരംതാഴ്ത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വ്യക്തിയുടെ സസ്പെൻഷൻ, അതിനെ തുടർന്നുള്ള അന്വേഷണം, ശിക്ഷാ നടപടി, തരം താഴ്ത്തൽ എന്നിവയുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്ക് എത്ര തുക ചെലവഴിക്കേണ്ടിവന്നുവെന്ന് വിശദമാക്കാമോ; | (ഡി) | ശ്രീ.മുഹമ്മദ് സാജിദ്-നെതിരെ സർവകലാശാല സ്വീകരിച്ച അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്ക് ആകെ ₹1,33,806 (ഒരു ലക്ഷത്തി മുപ്പത്തി മൂവായിരത്തി എണ്ണൂറ്റി ആറ് രൂപ) ആണ് ചെലവായിട്ടുള്ളത്. |
| (ഇ) | ടി.എ., ഡി.എ., ലീഗൽ ചാർജ്ജസ്, ട്രാൻസ്പോർട്ടേഷൻ തുടങ്ങി ഓരോ ഇനത്തിലും സർവകലാശാല ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ? | (ഇ) | സർവകലാശാല പ്രസ്തുത ജീവനക്കാരനെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി TA/DA ഇനത്തിൽ മാത്രമാണ് സർവകലാശാലയ്ക്ക് ചെലവ് വന്നിട്ടുള്ളത്. ആയത് 1,33,806/- രൂപ ആണ്. |

സെക്ഷൻ ഓഫീസർ